**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ :3052** **10.03.2017** ൽ മറുപടിയ്ക്ക്

**മൂന്നാറിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ**

**ചോദ്യം**

**ശ്രീ. എൽദോസ് കുന്നപ്പിള്ളി**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | മൂന്നാറിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്റ്റോപ്പ് മെമ്മോ നൽകിയ ശേഷവും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാർ മേഖലയിൽ അനുസ്യൂതം നടത്തി വരുന്നത് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പിൻബലത്തോടെയാണോ ; | (ബി) സ്റ്റോപ്പ് മെമ്മോ നൽകിയതിനു ശേഷവും നിർമ്മാണ പ്രവർത്തനം തുടർന്ന ഏതാനും കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പിൻബലത്തോടെയാണോ എന്ന കാര്യം വ്യക്തമല്ല. |
| (സി) | എങ്കിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനും മൂന്നാറിന്റെ ജൈവ സമ്പത്ത് സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) ഇടുക്കി ജില്ലയിലെ റവന്യൂ /ഫോറസ്റ്റ് ഭൂമികളിലെ അനധികൃത കയ്യേറ്റങ്ങളും വ്യാജപട്ടയങ്ങളും മൂന്നാർ പ്രദേശത്തെ ഭൂപ്രകൃതി പരിപാലനവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ നിന്നും, മറ്റ് ഉന്നതാധികാരികളിൽ നിന്നും ലഭിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പട്ടയ വ്യവസ്ഥകളുടെ ലംഘനം, അനധികൃത കയ്യേറ്റം, അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ